# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം

നമ്പർ.583/ആർ 1/2019/KDRB 04.11..2020

<u>പത്രക്കുറിപ്പ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ ഇലത്താളം പ്ലെയർ(കാറ്റഗറി നം.:24/2020), തകിൽ പ്ലെയർ(കാറ്റഗറി നം.:25/2020), താളം പ്ലെയർ(കാറ്റഗറി നം.:26/2020) ടീച്ചർ–ചെണ്ട(കാറ്റഗറി നം.:27/2020), ടീച്ചർ–കൊമ്പ്(കാറ്റഗറി നം.:28/2020), ടീച്ചർ–കുറുംകുഴൽ(കാറ്റഗറി നം.:29/2020), ടീച്ചർ–തകിൽ(കാറ്റഗറി നം.:30/2020),എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കുള്ള പ്രാക്ടിക്കൽ ടെസ്റ്റ്-കം-ഇന്റർവ്യൂ 2020 നവംബർ 19, 20 തീയതികളിൽ എറണാകുളം, ആലുവയിലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗസ്റ്റ് ഹൗസിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ അവരുടെ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ 2020 നവംബർ 10 ന് മുമ്പായി സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ദേവസ്വം ബോർഡ് ബിൽഡിംഗ്, ആയുർവേദ കോളേജ് ജംഗ്ഷൻ, തിരുവനന്തപുരം,695001 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചുതരികയോ നേരിട്ടെത്തിക്കുകയോ ചെയ്യേണ്ടതാണ്. മേൽ സൂചിപ്പിച്ചവയിൽ ഒന്നിൽ കൂടുതൽ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ചവർ ഓരോ തസ്തികയിലേക്കും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ പ്രത്യേകം പ്രത്യേകം അയച്ചുതരേണ്ടതും അവയുടെ അസ്സൽ സഹിതം ഇന്റർവ്യൂവിന് ഹാജരാകേണ്ടതുമാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ജാതി സർട്ടിഫിക്കറ്റിന്റെ രണ്ടു പകർപ്പും മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ടവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പും സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളാണെങ്കിൽ EWS സർട്ടിഫിക്കറ്റിന്റെ (G. O. (P) No. 79/2019/RD. Dated:18.11.2019 പ്രകാരമുള്ളത്) ഒരു പകർപ്പും സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ അയച്ചുതരുന്ന കവറിനു പുറത്ത് തസ്തികയുടെ പേര്, കാറ്റഗറി നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. 16.11.2020 വരെ ഇന്റർവ്യൂ മെമ്മോ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്